നാലുചിറപാലത്തിന്റെ നിർമ്മാണം

301(1372) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ പുറക്കാട് ഗ്രാമപഞ്ചായത്തിലെ നാലുചിറപാലം നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങളും അപേക്ഷകളും ലഭിച്ചിട്ടുണ്ടോ; ആരെല്ലാമാണ് നിവേദനങ്ങൾ നൽകിയിട്ടുള്ളത്; ഇതിന്മേൽ എന്ത നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആയിരത്തിലേറെ കർഷകതൊഴിലാളി കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ലഭിച്ചിട്ടുണ്ട്. നിവേദനങ്ങളും അപേക്ഷകളും തന്നത് താഴെ പറയുന്നവരാണ്.

1. ശ്രീ. കെ.സി. വേണുഗോപാൽ എം.പി.
2. ശ്രീ. ജി. സുധാകരൻ അമ്പലപ്പുഴ എം.എൽ.എ.
3. ശ്രീ. എം. ടി. മധു, പ്രസിഡന്റ് മണ്ഡലം കോൺഗ്രസ് കമ്മിറ്റി, പുറക്കാട് അമ്പലപ്പുഴ ബ്ലോക്ക്.
4. ശ്രീമതി സിന്ധു ബേബി, പുറക്കാട് ഗ്രാമപഞ്ചായത്ത് മെമ്പർ വാർഡ് - 7.
5. ശ്രീ. മഹേഷ് കുമാർ, മഹേഷ് ഭവനം, നാലുചിറ, തോട്ടപ്പള്ളി.

പാലം നിർമ്മിക്കുന്നതിനായി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly